ഉത്തരം

(എ) 1948-ലെ ഫാക്ടറീസ് നിയമമനുസരിച്ച്, സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിന് വളരെ വ്യക്തമായ വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ട്. ഈ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി നിർണ്ണയിച്ചിട്ടുള്ള മിനിമം കൂലി സ്ത്രീ തൊഴിലാളികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രസവാനുകൂല്യം നല്കുന്നുതിന് 1961-ലെ പ്രസാവാനുകൂല്യ നിയമവും നിലവിലുണ്ട്. കൂടാതെ തുല്യവേതനം ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള വിവേചനം തടയുന്നതിനും 1976-ലെ തുല്യവേതന നിയമവും ബാധകമാണ്. ഇതിനു പുറമേ ഫാക്ടറി തൊഴിലാളികൾക്ക് ബാധകമക്കിയിട്ടുള്ള പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, ബോണസ് നിയമം, വേതനം കൊടുക്കൽ, ദേശീയ ഉത്സവ അവധി നിയമം എന്നിവയുടെ പരിരക്ഷയും തൊഴിലാളികൾക്കും ലഭ്യമാണ്. ഈ തൊഴിൽ നിയമങ്ങളുടെ പരിരക്ഷ ഉറപ്പു വരുന്നതിലേക്കായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ, ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെയും കൊല്ലം കാഷ്യൂ സ്പെഷ്യൽ ആഫീസറേയും ഉൾപ്പെടുത്തി സ്കാഡുകൾ രൂപീകരിച്ചു പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) പ്രസ്തുത തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനവും നിയമപ്രകാരമുള്ള മറ്റ് സൗകര്യങ്ങളും ഉറപ്പാക്കാൻ കർശനമായ പരിശോധനകൾ നടത്തുന്നതിനും മിനിമം കൂലി നല്കാത്ത സാഹചര്യങ്ങളിൽ ക്ളെയിം പെറ്റീഷനുകൾ ഇൻസ്പെക്ടർമാർ തന്നെ ഫയൽ ചെയ്യുന്നതിനുമായിട്ടുള്ള നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്.

**സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം**

79 (244) ശ്രീ .കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ എത്ര പേർ ജോലി ചെയ്യുന്നു എന്നതിന്റെ കണക്കുകൾ തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നത് ഏതൊക്കെ മേഖലകളിലാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 10-5-1999 ൽ സർക്കാർ ഒരു പ്രാഥമിക വിജ്ഞാപനം

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രാഥമിക വിജ്ഞാപനത്തിൻ മേലുള്ള മിനിമം വേതന ഉപദേശക സമിതിയുടെ അഭിപ്രായങ്ങൾ അടിസ്ഥാനമാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല. പരിഗണിക്കാം

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വികരിച്ചു വരുന്നത്. താഴെപ്പറയുന്ന മേഖലകളിലാണ്.

1. പവർലൂം വ്യവസായം
2; ടിംബർ പ്ലൈവുഡ് വ്യവസായം
3. അലുമിനിയം - ടിൻ ഉല്പന്ന നിർമ്മാണം
4. മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ
5. ആയുർവേദ - അലോപതി മരുന്നു നിർമ്മാണം
6. കൊപ്രാ വ്യവസായം
7. കള്ളുചെത്ത് മേഖല
8. ബീഡി-സിഗാർ വ്യവസായം
9. ഓടു വ്യവസായം
10. വനം മേഖല
11. പ്രിന്റിംഗ് പ്രസ്സുകൾ
12. സ്വകാര്യ ആശുപത്രികൾ
13. കല്ലുടയ്ക്കൽ, പാറപൊട്ടിക്കൽ, റോഡ് നിർമ്മാണം
14. കുട നിർമ്മാണവും വില്പനയും

**ആലപ്പുഴ, പത്തനംതിട്ട ജില്ലയിലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ താൽകാലിക നിയമനങ്ങൾ**

**80 (245)** ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ ആലപ്പുഴ, പത്തനംതിട്ട, ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേരെ താൽകാലികമായി നിയമിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly